**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 34** **03/02/2020-ന് മറുപടിക്ക്**

## മാതൃഭാഷ -ഭരണഭാഷ

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.കെ. ബാബു** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഏതെല്ലാം വകുപ്പുകളിലാണ് മാതൃഭാഷ ഭരണഭാഷ ആക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ; | (എ) | 19/01/2015-ലെ എസ്.ആർ.ഒ.നം.43/2015 പ്രകാരം കേരളസർക്കാർ ഇതുവരെ മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടില്ലാത്ത കേരളത്തിൽ നിലവിലുള്ള എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും ഇനി രൂപീകരിക്കപ്പെടുന്ന എല്ലാ വകുപ്പുകളിലും സർക്കാർ/അർദ്ധസർക്കാർ/സ്വയംഭരണ/ പൊതുമേഖല/ സഹകരണ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴും കന്നഡയും ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇപ്പോഴും പല വകുപ്പുകളും സർക്കുലറുകളും ഉത്തരവുകളും ഇംഗ്ലീഷിലാണ് ഇറക്കുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർദ്ദേശങ്ങളാണ് വകുപ്പുകൾക്ക് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (ബി) | ഉണ്ട്. ഭരണഭാഷ സംബന്ധിച്ച നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനു വേണ്ടി സംസ്ഥാനത്തെ തമിഴ്, കന്നഡ ഭാഷാന്യൂനപക്ഷക്കാർക്ക്, ഭരണഭാഷ സംബന്ധിച്ച, നിലവിലുള്ള അവകാശങ്ങൾ നിലനിറുത്തിക്കൊണ്ട്, (1)കേന്ദ്ര സർക്കാർ (2)കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ, (3)ഹൈക്കോടതി-സുപ്രീംകോടതി (4)ഇതരസംസ്ഥാനങ്ങൾ (5)മറ്റു രാജ്യങ്ങൾ (6) സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ അല്ലാതെയുള്ള മറ്റു ഭാഷാ ന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ (7) ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിൽ പ്രത്യേകം പരാമർശമുള്ള സംഗതികൾ എന്നീ സാഹചര്യങ്ങളിൽ കുറിപ്പുഫയൽ മലയാളത്തിലായിരിക്കണമെന്ന നിബന്ധനയ്ക്കു വിധേയമായി എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ഇതു കൂടാതെ സംസ്ഥാനത്ത് വിവിധ ഓഫീസുകളിലെ ഭാഷാമാറ്റപുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുന്നതിന് എല്ലാ ഓഫീസുകളിൽ നിന്നും ഭാഷാമാറ്റ പുരോഗതിയുടെ റിപ്പോർട്ട് ലഭ്യമാക്കി ബന്ധപ്പെട്ട ഓഫീസുകളിൽ ഔദ്യോഗികഭാഷാ വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ട് പരിശോധന നടത്തി കർശന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ